പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 312 — 17.12.2015 ൽ മറുപടിക്ക്

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>,, ഇ.ചന്ദ്രശേഖരൻ<br>,, ഇ.കെ.വിജയൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) 430 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 98 സ്കൂളുകളിൽ കൂടി ടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) സ്വകാര്യ സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) 23 സ്വകാര്യസ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വകാര്യ സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ട്രെയിനിംഗ് നൽകുന്നതിനുവേണ്ടി പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കേണ്ടതുണ്ട്. നിലവിൽ 430 സ്കൂളുകളിൽ പദ്ധതി നടപ്പിൽ വരുത്തുകയും 98 സ്കൂളുകളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി പോലീസ് വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത പോലീസുദ്യോഗസ്ഥരെ പ്രതിമാസം 3000 രൂപാ വേതന നിരക്കിൽ നിയമിക്കുവാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ ആകെ 92 പേർ മാത്രമാണ് ഇതിനുവേണ്ടി സന്നദ്ധത അറിയിച്ചിട്ടുള്ളത്. സംസ്ഥാനത്തെ |

എല്ലാ/ഗവണ്മെന്റ്/എയിഡഡ്/ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നതിന് വലിയ അളവിൽ ഫണ്ടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി ഘട്ടം ഘട്ടമായി മറ്റ് സ്കൂളുകളിൽകൂടി നടപ്പാക്കാവുന്നതാണ്.

Rajani.M

സെക്ഷൻ ഓഫീസർ